(ബി) ഇതിൽ വിദ്യാഭ്യാസ വകുപ്പിൽ 1532 പേരെയും ആരോഗ്യ വകുപ്പിൽ 721 പേരെയും നാമനിർദ്ദേശം ചെയ്തിട്ടുണ്ട്. എക്സൈസ് വകുപ്പിൽ ആരെയും നാമനിർദ്ദേശം ചെയ്തിട്ടില്ല.

(സി) ഈ വർഷം കോഴിക്കോട് ജില്ലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു വഴി വിദ്യാഭ്യാസ വകുപ്പിൽ 77 പേർക്കും ആരോഗ്യവകുപ്പിൽ 32 പേർക്കും നിയമനം ലഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ്) തസ്തിക

54 [486] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ്) തസ്തിക ഏതു കേഡറിലാണ് അനുവദിച്ചിട്ടുള്ളത്;

(ബി) മേൽ തസ്തികയുടെ അധികാരങ്ങൾ നിജപ്പെടുത്തിയിട്ടുള്ളത് ഏതു ഉത്തരവിലൂടെയാണ്;

(സി) ഈ ഉദ്യോഗസ്ഥന്റെ അധികാരങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ കേഡറിലാണ് അനുവദിച്ചിട്ടുള്ളത്. ജി.ഒ.(എം.എസ്.) നമ്പർ 37/72/എൽ.ബി.ആർ. തീയതി 21-4-72 പ്രകാരം പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ഓഫീസ് പ്രത്യേക ഓഫീസാക്കി മാറ്റി എംപ്ലോയ്മെന്റ് ഓഫീസർ തസ്തിക ഡിവിഷണൽ എംപ്ലോയ്മെന്റ് ഓഫീസർ തസ്തികയാക്കി മാറ്റിയിട്ടുണ്ട്.

(ബി) 21-4-1972-ലെ ജി.ഒ.(എം.എസ്.) നമ്പർ 37/72 ലേബർ എന്ന നമ്പരിലുള്ള ഉത്തരവിലൂടെയാണ്.

(സി) എംപ്ലോയ്മെന്റ് ഓഫീസർ (പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ്) കീഴിലുള്ള ഉദ്യോഗസ്ഥരുടെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ഓഫീസറാണ്. കൂടാതെ 30-12-1975-ലെ ജി.ഒ.(എം.എസ്.) 100/75/ലേബർ ഉത്തരവു പ്രകാരം ടി ഉദ്യോഗസ്ഥന് കീഴിലുള്ള നോൺ ഗസറ്റഡ് ഉദ്യോഗസ്ഥരുടെ സ്റ്റഡി ലീവ്, സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവ്, ലീവ് വിത്തൗട്ട് അലവൻസ് എന്നിവ ഒഴികെയുള്ള നാലു മാസത്തിൽ കുറവുള്ള കാലാവധിയുള്ള മറ്റു ലീവുകൾ പാസ്സാക്കുന്നതിനും അധികാരമുണ്ട്. ജീവനക്കാരുടെ പി.എഫ്. അനുവദിക്കുന്നതിന് കാലാകാലങ്ങളിൽ ഗവൺമെന്റ് ഉത്തരവിലൂടെ ഭേദഗതി ചെയ്ത് നിജപ്പെടുത്തിയ അധികാരങ്ങളും പ്രൊഫഷണൽ ആന്റ് എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് ആഫീസർക്കുണ്ട്.